പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1562 06.03.2020-ലെ മറുപടിക്ക്

# നിത്യേന ഉണ്ടാകുന്ന വാഹനാപകടം

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും കൊടിയ വിപത്തുകളിലൊന്നാണ് നിത്യേന ഉണ്ടാകുന്ന വാഹനാപകടങ്ങളും അതിൽ മരണപ്പെടുന്നവരുടെയും ഗുരുതരമായി പരിക്കേൽക്കുന്നവരുടെയും എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവെന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനമാണ് വാഹനാപകടങ്ങൾക്കും തൻമൂലമുണ്ടാകുന്ന മരണങ്ങൾക്കും പ്രധാന കാരണമാകുന്നത്. ഇത് തടയുന്നതിന് ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ് മൂന്നുമാസത്തെ മരണസംഖ്യ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

| മാസം | മരണ സംഖ്യ | മുൻ വർഷം ഇതേ മാസത്തെ മരണ സംഖ്യ |
|---|---|---|
| 2019 നവംബർ | 330 | 352 |
| 2019 ഡിസംബർ | 360 | 436 |
| 2020 ജനവരി | 387 | 459 |

| | | | |
|---|---|---|---|
| (ബി) | ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2019-ൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളുടെ എണ്ണം, അതിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | വാഹനാപകടങ്ങളുടെ എണ്ണം - 41111<br>മരണപ്പെട്ടവരുടെ എണ്ണം - 4440<br>പരിക്കേറ്റവരുടെ എണ്ണം - 46055 |

| | | | |
|---|---|---|---|
| (സി) | മോട്ടോർ വാഹന നിയമം കേന്ദ്ര സർക്കാർ ഭേദഗതി വരുത്തി പിഴ വർദ്ധിപ്പിച്ചതിന് പിന്നാലെ അത് കർശനമായി നടപ്പാക്കിയ സംസ്ഥാനമാണ് തമിഴ്‌നാട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത കാരണത്താൽ കഴിഞ്ഞ വർഷം തമിഴ്‌നാട്ടിൽ റോഡപകടങ്ങളിൽ മുപ്പത്തി രണ്ട് ശതമാനത്തിന്റെ കുറവുണ്ടായെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; അറിയിക്കാമോ; | (ഡി) | പരിശോധിച്ചിട്ടില്ല. |
| (ഇ) | അതേ സമയം കേരളത്തിൽ ഏകപക്ഷീയമായി പിഴ കുറയ്ക്കുകയും വാഹന പരിശോധനയുടെ എണ്ണത്തിൽ കുറവു വരുത്തുകയും ഉണ്ടായോ; വ്യക്തമാക്കാമോ; | (ഇ) | മോട്ടോർ വാഹന വകുപ്പ് പരിശോധനയുടെ എണ്ണത്തിൽ കുറവുവരുത്തിയിട്ടില്ല. |
| (എഫ്) | എങ്കിൽ റോഡ് സുരക്ഷയിൽ തമിഴ്‌നാട് നൽകുന്ന സുരക്ഷാപാഠങ്ങൾ ഉൾക്കൊള്ളുന്നതിനും പഠന വിധേയമാക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എഫ്) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**